# പതിമൂന്നാം കേരള നിയമസഭ

## സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി
## (2011-2014)

**പതിമൂന്നാമത് റിപ്പോർട്ട്**

(2013 ഏപ്രിൽ 9-ാം തീയതി സമർപ്പിച്ചത്)

**കേരള നിയമസഭാ സെക്രട്ടേറിയറ്റ്**
**തിരുവനന്തപുരം**
**2013**

# പതിമൂന്നാം കേരള നിയമസഭ

## സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി
## (2011-2014)

### പതിമൂന്നാമത് റിപ്പോർട്ട്

(2013 ഏപ്രിൽ 9-ാം തീയതി സമർപ്പിച്ചത്)

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | V |
| അവതാരിക | .. | VII |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | | |

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2011-2014)

## ഘടന

<u>ചെയർമാൻ</u> :

ശ്രീ. എം. ഉമ്മർ

<u>അംഗങ്ങൾ</u> :

ശ്രീ. വി. ചെന്താമരാക്ഷൻ

ശ്രീ. ചിറ്റയം ഗോപകുമാർ

ശ്രീ. ഹൈബി ഈഡൻ

ശ്രീ. ലൂഡി ലൂയിസ്

ശ്രീ. എൻ. എ. നെല്ലിക്കുന്ന്

ശ്രീ. സാജുപോൾ

ശ്രീ. എ. കെ. ശശീന്ദ്രൻ

ശ്രീ. വി. ശിവൻകുട്ടി

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. എം. നാരായണൻ പോറ്റി, ജോയിന്റ് സെക്രട്ടറി.

ശ്രീ. കെ. എസ്. അനസ്, ഡെപ്യൂട്ടി സെക്രട്ടറി.

ശ്രീമതി. എസ്. രമാദേവി അമ്മ, അ ർ സെക്രട്ടറി.

# അവതാരിക

സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2011-2014)യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച്, സമിതിയുടെ പതിമൂന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2007 ലെ കേരള ആയുർവേദ ആരോഗ്യകേന്ദ്രങ്ങൾ (അംഗീകാരപത്രം നൽകലും നിയന്ത്രിക്കലും) ആക്ട്, 2007 ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്ട്, 2010 ലെ മൂന്നാർ പ്രത്യേക ട്രൈബ്യൂണൽ ആക്ട് എന്നീ ആക്ടുകളിൻ കീഴിൽ പുറപ്പെടുവിച്ച എസ്. ആർ. ഒ. കൾ സമിതിയുടെ വിവിധ യോഗങ്ങളിൽ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കുകയും ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥരിൽ നിന്നും തെളിവെടുക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും നിർദ്ദേശങ്ങളും ഉൾക്കൊള്ളിച്ചുകൊ ുള്ളതാണ് ഈ റിപ്പോർട്ട്.

സമിതി സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കിയ എസ്.ആർ. ഒ. കളുടെ പട്ടിക ഈ റിപ്പോർട്ടിന്റെ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.

2013 ഏപ്രിൽ 2-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

തിരുവനന്തപുരം,
2013 ഏപ്രിൽ

**എം. ഉമ്മർ,**
ചെയർമാൻ,
സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.

## റിപ്പോർട്ട്

**(2007-ലെ കേരള ആയുർവേദ ആരോഗ്യകേന്ദ്രങ്ങൾ (അംഗീകാരപത്രം നൽകലും നിയന്ത്രിക്കലും) ആക്റ്റ് (2007-ലെ 28-ാം ആക്റ്റ്)**

**എസ്. ആർ.ഒ. നമ്പർ 1106/2008 തീയതി 29.10.2008**
**(ജി.ഒ. പി. നമ്പർ 553/2008/ആകുവ തീയതി 29.10.2008)**

2007-ലെ കേരള ആയുർവേദ ആരോഗ്യ കേന്ദ്രങ്ങൾ (അംഗീകാര പത്രം നൽകലും നിയന്ത്രിക്കലും) ആക്റ്റിലെ (2007-ലെ 28-ാം ആക്റ്റ്) 12-ാം വകുപ്പുപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് ഉണ്ടാക്കിയ 2008-ലെ കേരള ആയുർവേദ ആരോഗ്യ കേന്ദ്രങ്ങൾ (അംഗീകാരപത്രം നൽകലും നിയന്ത്രിക്കലും) ചട്ടങ്ങൾ 2008-ലെ 1106-ാം നമ്പർ എസ്.ആർ.ഒ. ആയി പ്രസിദ്ധീകരിക്കുകയുണ്ടായി.

2. ഭാരതത്തിന്റ പുരാതനവും ഉദാത്തവുമായ ആയുർവേദ ചികിത്സാ ശാസ്ത്ര പ്രകാരമുള്ള പ്രശസ്ത സ്ഥാപനങ്ങൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും കേരളത്തിന്റെ ആയുർവേദ പാരമ്പര്യം ഉയർത്തിക്കാട്ടി ആയുർവേദ മാസ്സേജ് സെന്ററുകൾ, ആയുർവേദ ഹെൽത്ത് സെന്ററുകൾ എന്ന പേരുകളിൽ സ്ഥാപനങ്ങൾ വ്യാപകമായി സ്ഥാപിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നുണ്ടെങ്കിലും പല സ്ഥാപനങ്ങളിലും മതിയായ അടിസ്ഥാനസൗകര്യങ്ങളോ യോഗ്യതയുള്ള ചികിത്സകരോ ഇല്ലാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനാലാണ് ആയുർവേദ ആരോഗ്യകേന്ദ്രങ്ങൾക്ക് അംഗീകാരപത്രം നിർബന്ധമാക്കുന്നതിനും അവയുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനും വേണ്ടി സർക്കാർ പ്രസ്തുത ആക്റ്റ് പാസാക്കിയത്. 2007 ഒക്ടോബർ 15-ാം തീയതി വിജ്ഞാപനം

ചെയ്ത ആക്റ്റിന് ചട്ടങ്ങൾ പുറപ്പെടുവിച്ചത് 2008 ഒക്ടോബർ 29-നും ചട്ടങ്ങൾക്കു പ്രാബല്യം നൽകിയത് 1.11.2008 മുതലുമാണ്. എന്നാൽ ആക്റ്റിലെ 1(3) വകുപ്പു പ്രകാരം ആക്റ്റിനു പ്രാബല്യം നൽകിക്കൊണ്ട് ഗസറ്റ് വിജ്ഞാപനം ചെയ്തിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. എന്നാൽ ആക്റ്റ് പാസാക്കി അഞ്ചു വർഷങ്ങൾക്കുശേഷവും ആക്റ്റിനു പ്രാബല്യം നൽകിയിട്ടില്ല എന്നത് ഗുരുതരമായ വീഴ്ചയാണെന്ന് സമിതി വിലയിരുത്തുന്നു. ആക്റ്റിനു പ്രാബല്യം നൽകാതെ ചട്ടങ്ങൾ പുറപ്പെടുവിച്ചതു കൊണ്ടുമാത്രം ആക്റ്റിൽ വിഭാവനം ചെയ്തിട്ടുള്ള ലക്ഷ്യങ്ങൾ കൈവരിക്കാൻ കഴിയുകയില്ലെന്ന് നിരീക്ഷിച്ച സമിതി ഇത് പരിഹരിക്കാനുള്ള നടപടി എത്രയും പെട്ടെന്ന് സ്വീകരിച്ച് സമിതിയെ അറിയിക്കണമെന്ന് നിർദ്ദേശിക്കുന്നു.

3. സമിതി (2011-14)യുടെ 30.05.2012-ന് ചേർന്ന തെളിവെടുപ്പ് യോഗത്തിൽ ആരോഗ്യ വകുപ്പുദ്യോഗസ്ഥരോട് ഇക്കാര്യത്തെക്കുറിച്ച് സമിതി ആരാഞ്ഞപ്പോൾ 2007-ൽ നിയമം പാസ്സാക്കിയെങ്കിലും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കുശേഷം മാത്രം ചട്ടങ്ങൾ പ്രാവർത്തികമാക്കിയാൽ മതിയെന്നാണ് തീരുമാനമുണ്ടായതെന്നും തെറാപ്പിസ്റ്റ്/മാസ്സിയേഴ്സ് കോഴ്സ് എന്ന അംഗീകൃത കോഴ്സ് കേരളത്തിൽ വ്യാപകമല്ലാതിരുന്നതുകൊണ്ട് ആയുർവേദ സെന്ററുകൾക്ക് ലൈസൻസ് കൊടുത്താലും നിയമത്തിലെ വകുപ്പുകൾ ഉപയോഗിച്ച് സെന്ററുകൾ അടച്ചു പൂട്ടുന്ന സാഹചര്യം നിലനിൽക്കുന്നതുകൊണ്ട് പ്രസ്തുത ആക്റ്റ് ഭേദഗതി ചെയ്യണമെന്ന് സബ്ജക്ട് കമ്മിറ്റി നിർദ്ദേശിച്ചതായും അവർ വ്യക്തമാക്കുകയുണ്ടായി. ഇതു സംബന്ധിച്ച് ആരോഗ്യവകുപ്പ് സെക്രട്ടറി ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്നും വിവിധ യോഗങ്ങൾ ചേർന്നതിന്റെ പശ്ചാത്തലത്തിൽ ഭേദഗതി നിർദ്ദേശിക്കുകയും ആയത് സൂക്ഷ്മ പരിശോ

ധനക്കായി നിയമ വകുപ്പിലേയ്ക്ക് അയയ്ക്കുകയുണ്ടായെന്നും ആയതിന്റെ മറു പടി 29.5.2012-ന് മാത്രമാണ് ലഭിച്ചിട്ടുള്ളതെന്നും അറിയിക്കുകയുണ്ടായി. ആയുർവേദ ട്രീറ്റ്മെന്റ് സെന്റർ, ആയുർവേദ ഹെൽത്ത് സെന്റർ എന്നീ പേരുകൾ തന്നെ മാറ്റണ മെന്നും 'ഹെൽത്ത് സെന്റർ' എന്ന വാക്കുപയോഗിക്കുന്നത് സാധാരണക്കാരുടെ മന സ്സിൽ മരുന്നുപയോഗിച്ചുള്ള ചികിത്സാ സമ്പ്രദായം എന്ന വ്യവച്ഛേദം ഉണ്ടാകുമെന്നതു കൊണ്ട് ആക്റ്റിനു തന്നെ വ്യത്യസ്തമായ പേര് നിർദ്ദേശിക്കണമെന്നാണ് സമിതി മുമ്പാകെ നിയമ വകുപ്പു സെക്രട്ടറി വ്യക്തമാക്കിയിട്ടുള്ളത്. നിയമത്തിനു ഭേദഗതി വേണമെന്നുള്ള സഭാസമിതിയുടെ 2008-ലെ തീരുമാനത്തിന് ഇതുവരെയും ഭേദഗതി അവതരിപ്പിച്ചിട്ടില്ല എന്ന വസ്തുതയും സമിതിക്ക് ബോദ്ധ്യപ്പെട്ടു. ഇത്തരത്തിൽ സബ്ജക്ട് കമ്മിറ്റി തന്നെ ഭേദഗതി വരുത്തുന്നതിന് നിർദ്ദേശിച്ച നിയമത്തിന് ആവശ്യ മായ ഭേദഗതി വരുത്തുന്ന കാര്യത്തിൽ അനാവശ്യമായ കാലതാമസം വരുത്തുന്നത് ഒഴിവാക്കണമെന്നും ഇക്കാര്യത്തിലുള്ള ഭേദഗതി ആക്റ്റിൽ തന്നെ വരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

4. ആയതിനാൽ, കേരളത്തിൽ ആയുർവേദ ആരോഗ്യകേന്ദ്രങ്ങൾ പല പേരുകളിലും വ്യാപകമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ അവയുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തി മെച്ചപ്പെട്ട സേവന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുമായി നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തണമെന്നും അതിനനുസൃതമായി ചട്ടങ്ങളിലും ഭേദഗതി വരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

5. ആയുർവേദ ആരോഗ്യ കേന്ദ്രങ്ങളിലെ ചികിത്സാ സൗകര്യങ്ങൾ പ്രതി പാദിച്ചിട്ടുള്ള 4-ാം വകുപ്പിൽ പറഞ്ഞിരിക്കുന്ന തെറാപ്പിസ്റ്റ്/മാസ്സിയർമാരുടെ അടിസ്ഥാന യോഗ്യത, ചട്ടങ്ങളിലെ 3-ാം ഖണ്ഡികപ്രകാരം സംസ്ഥാന സർക്കാ രിന്റെ തെറാപ്പിസ്റ്റ്/മാസ്സിയർ കോഴ്സ് ആണെന്നും പ്രസ്തുത കോഴ്സ് കേരള

ത്തിൽ തിരുവനന്തപുരം ആയുർവേദ കോളേജിലും ഒല്ലൂരിലെ ആയുർവേദ കോളേജിലും മാത്രമാണുള്ളതെന്നും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത യോഗ്യതയുള്ളവരുടെ അഭാവം ഇത്തരം കേന്ദ്രങ്ങളുടെ നടത്തിപ്പിന് തടസ്സമാകുമെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടതിനാൽ അത്തരത്തിലുള്ള അംഗീകൃത കോഴ്സുകൾ ആവശ്യാനുസരണം കേരളത്തിൽ ആരംഭിക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെടുന്നു.

6. ആയുർവേദ ആരോഗ്യ കേന്ദ്രങ്ങൾ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നതിനായി ഇത്തരം കേന്ദ്രങ്ങൾ ഒരു പ്രത്യേക കൗൺസിലിന്റെ കീഴിൽ വരുത്തുകയും കൗൺസിൽ തന്നെ ലൈസൻസിംഗ് അതോറിറ്റിയായി പ്രവർത്തിക്കുകയും അവ സംബന്ധിച്ചുള്ള എല്ലാ പ്രവർത്തനങ്ങളും ആ കൗൺസിലിൽ നിക്ഷിപ്തമാക്കുകയും ചെയ്യുകയാണ് ഉത്തമമെന്നും സമിതി അഭിപ്രായപ്പെടുന്നു.

## 2007-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്ട്
## (2007 -ലെ 8-ാം ആക്ട് )

**എസ്.ആർ.ഒ.നമ്പർ 1082/2007 – തീയതി 2007 ഡിസംബർ 26**
**(സ.ഉ.(പി).55/2007/ഗതാ. തീയതി 2007 ഡിസംബർ 26)**

7. 2007 -ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്ട് (2007 -ലെ 8-ാം ആക്ട്) - ലെ 38-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചു കൊണ്ടാണ് 2007 -ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ചട്ടങ്ങൾ 1082/2007 -ാം നമ്പർ എസ്.ആർ.ഒ. മുഖേന പുറപ്പെടുവിച്ചിട്ടുള്ളത്.

8. സമിതി (2009-11) യുടെ 20-1-2010 ൽ ചേർന്ന യോഗത്തിൽ പ്രസ്തുത ചട്ടങ്ങളെ സംബന്ധിച്ച് നിയമവകുപ്പ് സെക്രട്ടറിയിൽ നിന്ന് തെളിവെടുപ്പ് നടത്തുകയും, ഗതാഗത വകുപ്പിനോട് അധികവിവരങ്ങൾ ആരായുകയുമു

ണ്ടായി. ഗതാഗത വകുപ്പ് ലഭ്യമാക്കിയ മറുപടി 15-12-2011 ലെ സമിതി യോഗം പരഗണിക്കുകയും ഗതാഗത വകുപ്പിൽ നിന്നും നേരിട്ട് തെളിവെടുക്കുന്നതിന് തീരുമാനിക്കുകയുമുണ്ടായി. അതിൻപ്രകാരം 23-5-2012 ലെ സമിതി യോഗത്തിൽ വച്ച് നിയമം, ഗതാഗതം എന്നീ വകുപ്പു സെക്രട്ടറിമാരിൽ നിന്നും വിശദമായ തെളിവെടുപ്പ് നടത്തുകയുമുണ്ടായി.

9. കേരള റോഡ് സുരക്ഷാ അതോറിറ്റി അതിൽ നിക്ഷിപ്തമായിട്ടുളള ഫണ്ടിന്റെ നടത്തിപ്പ് നിർണ്ണയിച്ചേക്കാവുന്ന പ്രകാരമുളള രീതിയിൽ നിർവ്വഹിക്കേണ്ടതാണ് എന്ന ആക്ടിലെ 12(2) വ്യവസ്ഥ പ്രകാരം ഫണ്ടിന്റെ നടത്തിപ്പ് ചട്ടത്തിൽ നിർണ്ണയിക്കപ്പെടാത്തതിന് കാരണം സമിതി ആരാഞ്ഞിരുന്നു. അതിന് സർക്കാർ നൽകിയ മറുപടിയിൽ റോഡ് സുരക്ഷാ അതോറിറ്റിയിൽ അതോറിറ്റി, എക്സിക്യൂട്ടീവ് എന്നിങ്ങനെ രണ്ട് കമ്മിറ്റികളുണ്ടെന്നും ഈ രണ്ട് കമ്മിറ്റികളിൽ വച്ച് തീരുമാനമെടുത്ത ശേഷമാണ് ഫണ്ട് അനുവദിക്കുന്നതെന്നും അറിയിക്കുകയുണ്ടായി. കമ്മിറ്റികൾ ഫണ്ട് അനുവദിക്കേണ്ടത് നിർണ്ണയിക്കപ്പെട്ട വ്യവസ്ഥകൾക്ക് വിധേയമായിട്ടായിരിക്കണമെന്നും വ്യവസ്ഥകളുടെ അഭാവം ഫണ്ട് യഥേഷ്ടം അനുവദിക്കുന്നതിനും ചെലവഴിക്കുന്നതിനും കാരണമായിത്തീരുമെന്നും സമിതി അഭിപ്രായപ്പെടുകയുമുണ്ടായി.

10. ആക്ടിന്റെ എല്ലാ എനേബ്ളിംഗ് പ്രൊവിഷൻസിനും അനുസൃതമായിട്ടുളള ഖണ്ഡികകൾ ചട്ടങ്ങളിൽ വന്നിട്ടില്ലായെന്നും ചട്ടങ്ങൾ സമയബന്ധിതമായി പുറപ്പെടുവിച്ചതിനാലാണ് വ്യവസ്ഥകൾ എല്ലാം ഉൾപ്പെടുത്തുവാൻ സാധിക്കാതിരുന്നതെന്നും ആയതിനാൽ ചട്ടങ്ങളിൽ ഭേദഗതി വരുത്തേണ്ടതുണ്ടെന്നും ഗതാഗത വകുപ്പ് സെക്രട്ടറി സമിതിയെ അറിയിക്കുകയുണ്ടായി. <u>ആയതിനാൽ ചട്ടങ്ങൾ മുഖേന നിർണ്ണയിക്കപ്പെടേണ്ടതാണെന്ന് ആക്ടിൽ പ്രതിപാദിച്ചിട്ടുളള എല്ലാ വകുപ്പുകൾക്കും വ്യക്തവും നിയതവുമായ ചട്ടങ്ങൾ രൂപീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.</u>

11. എല്ലാ ജില്ലകളിലും രൂപീകരിക്കേണ്ട റോഡ് സുരക്ഷാ കൗൺസിലിന്റെ അധികാരങ്ങൾ ഡെലിഗേറ്റ് ചെയ്യാനുളള വ്യവസ്ഥകൾ റോഡ് സുരക്ഷാ അതോറിറ്റി ആക്ടിലുണ്ടെന്നും അതിൻ പ്രകാരം ഡെലിഗേറ്റ് ചെയ്യാനുളള തീരുമാ

നമെടുത്ത് ഗവൺമെന്റിന്റെ അംഗീകാരത്തിനുവേണ്ടി അയച്ചിട്ടുണ്ടെന്നും, പിനൽ ആക്ഷൻ എടുക്കാനുള്ള അധികാരം റോഡ് സുരക്ഷാ അതോറിറ്റിക്ക് മാത്രമേയു ള്ളൂവെന്നും ഗതാഗതവകുപ്പ് ജോയിന്റ് കമ്മീഷണർ സമിതിയെ ധരിപ്പിക്കുകയു ണ്ടായി.

12. നിയമങ്ങൾ നടപ്പിലാക്കുന്നതിനാവശ്യമായ ബോധവൽക്കരണ പരി പാടിക്കായി മോട്ടോർ വാഹന വകുപ്പും, ഗതാഗതവുമായി ബന്ധപ്പെട്ട കാര്യ ങ്ങൾക്കായി പോലീസ് വകുപ്പും, റോഡിലെ ബ്ലാക്ക് സ്പോട്ട്സ് അടയ്ക്കുന്നതി നായി പൊതുമരാമത്ത് വകുപ്പും, ട്രോമാകെയർ ഫെസിലിറ്റീസ് ഒരുക്കുന്നതി നായി ആരോഗ്യ വകുപ്പുമാണ് റോഡ് സുരക്ഷാ അതോറിറ്റിക്ക് മുമ്പാകെ പ്രൊപ്പോസലുകൾ സമർപ്പിക്കുന്നതെന്നും, ഓരോ ജില്ലയ്ക്കും റോഡ് സുരക്ഷയു മായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി നിർദ്ദേശങ്ങൾ സമർപ്പിക്കാവുന്നതാ ണെന്നും ഗതാഗത വകുപ്പ് ജോയിന്റ് കമ്മീഷണർ സമിതിയെ അറിയിക്കുകയു ണ്ടായി.

13. റോഡ് സുരക്ഷാ അതോറിറ്റി ആക്ടിലെ 11(2) വകുപ്പ് പ്രകാരം ഫണ്ടിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടിട്ടുള്ള തുക വിവിധ പ്രോജക്ടുകൾക്കായും ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾക്കുമായും നൽകുന്നത് അതോറിറ്റിയു ടെയും എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും തീരുമാനപ്രകാരമാണെന്നും ഇതിനായി ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണറാ ണെന്നും സമിതിക്ക് ബോധ്യപ്പെട്ടു. കോടിക്കണക്കിന് രൂപ ഇപ്രകാരം ചെലവഴി ക്കുന്നതിനുള്ള ചുമതല വിവിധങ്ങളായ ഉത്തരവാദിത്വങ്ങൾക്കിടയിൽ ഒരു ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണറുടെ ചുമതലയിൽ മാത്രം നിക്ഷിപ്തമാക്കി യിരിക്കുന്നതിൽ സമിതി വിയോജിക്കുന്നു. ആയതിനാൽ ഫണ്ടിന്റെ കാര്യക്ഷമ മായ നടത്തിപ്പിനായി ആയതിന്റെ പ്രത്യേക ഉത്തരവാദിത്വം ഒരു ഉദ്യോഗസ്ഥനിൽ മാത്രം നിക്ഷിപ്തമാക്കികൊണ്ട് മറ്റു ജോലികളിൽ നിന്നും അദ്ദേഹത്തെ ഒഴിവാ ക്കണമെന്നും ശുപാർശ ചെയ്യുന്നു.

14. റോഡ് സുരക്ഷാ അതോറിറ്റി ആറ് മാസത്തിലൊരിക്കൽ യോഗം ചേരാറുണ്ടെന്നും എന്നാൽ ജില്ലാ കൗൺസിലുകൾ പലതും കൃത്യമായി യോഗം ചേരാറില്ലെന്നും സമിതി മനസ്സിലാക്കുന്നു. റോഡ് സുരക്ഷാ അതോറിറ്റി

ആക്ടിലെ 19 -ാം വകുപ്പിൽ ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകളുടെ രൂപീകരണത്തെ സംബന്ധിച്ചും അതോറിറ്റിക്ക് ഏൽപ്പിച്ചുകൊടുക്കാവുന്ന അധികാരങ്ങളെ സംബന്ധിച്ചും പരാമർശം ഉണ്ടെങ്കിലും ജില്ലാ കൗൺസിലുകൾക്ക് യോഗം ചേരുന്നതിന്റെ കാലയളവോ രീതിയോ പ്രതിപാദിച്ചിട്ടുള്ളതായി കാണുന്നില്ല. ഓരോ ജില്ലയ്ക്കും റോഡ് സുരക്ഷയെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ ജില്ലാ റോഡ് സുരക്ഷാ കൗൺസിലിന് സമർപ്പിക്കാവുന്നതാണെന്ന് തെളിവെടുപ്പു വേളയിൽ സമിതി മുമ്പാകെ ഹാജരായ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ വ്യക്തമാക്കിയിരിക്കുന്ന സാഹചര്യത്തിൽ യോഗങ്ങൾ ചേരുന്നതിനുള്ള രീതിയും കാലയളവും ഒരു ഭേദഗതിയിലൂടെ ആക്റ്റിൽ തന്നെ ഉൾപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

15. അതോടൊപ്പം ആക്റ്റിലെ 19(3) വകുപ്പ് പ്രകാരം റോഡ് സുരക്ഷാ അതോറിറ്റി, ജില്ലാ കൗൺസിലുകൾക്ക് എന്തൊക്കെ അധികാരങ്ങളാണ് ഏൽപ്പിച്ചുകൊടുത്തിട്ടുള്ളതെന്നത് സംബന്ധിച്ച ഒരു സ്റ്റേറ്റ്മെന്റ് സമിതിയുടെ പരിഗണനയ്ക്ക് സമർപ്പിക്കണമെന്നും ശുപാർശ ചെയ്യുന്നു.

16. റോഡ് സുരക്ഷാ അതോറിറ്റി ഓരോ വർഷവും കിട്ടുന്ന ശരാശരി 25-30 കോടി രൂപകൊണ്ട് നടപ്പിലാക്കുന്ന മാതൃകാപരമായ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും ജില്ലകൾക്ക് ഈ ഫണ്ടിന്റെ വിതരണം എങ്ങനെയാണെന്നും സമിതി ആരായുകയുണ്ടായി. അതോറിറ്റിയും ജില്ലകളും തുക അഡ്ഹോക്കായാണ് ചെലവാക്കുന്നതെന്നും എന്നാൽ അതിനുപകരം ഓരോ ജില്ലയിലും നടപ്പാക്കേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച് ജില്ലാതലത്തിൽ ഒരു ആന്വൽ ആക്ഷൻ പ്ലാൻ തയ്യാറാക്കി ജില്ലാ കൗൺസിലിന്റെ അംഗീകാരം ലഭ്യമാക്കിയിതിനു ശേഷം ആയത് സ്റ്റേറ്റ് അതോറിറ്റിയുടെ സൂക്ഷ്മ പരിശോധനയ്ക്ക് സമർപ്പിച്ച് സ്റ്റേറ്റ് അതോറിറ്റിയുടെ അനുമതിയോടു കൂടി പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിലൂടെ അതോറിറ്റി അനുവദിക്കുന്ന തുക കാര്യക്ഷമമായി വിനിയോഗിക്കാനാവുമെന്നും ഇതിനു വേണ്ടി ഉടൻതന്നെ നിർദ്ദേശം നൽകാനുള്ള നടപടി സ്വീകരിക്കുമെന്നും ഗതാഗതവകുപ്പ് സെക്രട്ടറി ഉറപ്പുനൽകുകയുണ്ടായി. ഇത്തരത്തിൽ ജില്ലാ കൗൺസിലുകൾ വാർഷിക പദ്ധതി തയ്യാറാക്കുവാനുള്ള വ്യവസ്ഥകൾ ചട്ടത്തിൽ ഉൾപ്പെടുത്തി ചട്ടങ്ങൾ ഭേദഗതി ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

17. റോഡ് സുരക്ഷാ അതോറിറ്റി ആക്ടിലെ 11(2) വകുപ്പ് പ്രകാരമുള്ള തുകകൾ റോഡ് സുരക്ഷാ ഫണ്ടിലേക്കാണോ ഒടുക്കുന്നതെന്ന് സമിതി ആരായുകയുണ്ടായി. ഗതാഗത വകുപ്പ് സമാഹരിക്കുന്ന സെസ്സ് ഇനത്തിലുള്ള തുക കൺസോളിഡേറ്റഡ് ഫണ്ടിലാണ് വരവ് വയ്ക്കുന്നതെന്നും തുടർന്ന് റീഅപ്രോപ്രിയേറ്റ് ചെയ്താണ് റോഡ് സുരക്ഷാ ഫണ്ടിലേക്ക് മേൽ തുക വരുന്നതെന്നും അതുപോലെ മറ്റൊരു പ്രധാന വരുമാനമായ സെറ്റിൽമെന്റ് ഫീസ് കോമ്പൗണ്ട് ചെയ്താണ് അടയ്ക്കുന്നതെന്നും, അങ്ങനെയുള്ള തുക ഒരു പ്രത്യേക കണക്കിലേക്കാണ് പോകുന്നതെന്നും അവിടെ നിന്ന് റീ-അപ്രോപ്രിയേറ്റ് ചെയ്ത് അതോറിറ്റിക്ക് കൊടുക്കുകയുമാണ് ചെയ്യുന്നതെന്നും നിയമവകുപ്പ് സ്പെഷ്യൽ സെക്രട്ടറി സമിതിയെ ബോധ്യപ്പെടുത്തുകയുണ്ടായി.

18. വിവിധ ഇനങ്ങളിലായി സർക്കാരിന്റെ പക്കൽ തുക ലഭ്യമാവുന്നുണ്ടെങ്കിലും റോഡ് സുരക്ഷാ അതോറിറ്റിക്ക് ലഭിക്കേണ്ടതായ മുഴുവൻ തുകയും ലഭിക്കുന്നില്ലെന്നും ആയത് ഒരു വർഷത്തേക്ക് 15 കോടി രൂപയായി പരിമിതപ്പെടുത്തിയിരിക്കുകയാണെന്നും അതോറിറ്റിക്ക് ലഭിക്കേണ്ടതായ 144 കോടി രൂപയിൽ 75 കോടി രൂപ ഇനിയും ലഭ്യമാവാനുണ്ടെന്നും ഗതാഗത വകുപ്പുസെക്രട്ടറി സമിതിയെ അറിയിക്കുകയുണ്ടായി.

19. ഇപ്രകാരം റോഡ് സുരക്ഷാ അതോറിറ്റിക്ക് വരേണ്ട തുക മുഴുവൻ നൽകാതെ ഫണ്ട് ലിമിറ്റ് ചെയ്ത് ബാക്കി തുക ജനറൽ ബഡ്ജറ്റിൽ പോകുകയാണ് ചെയ്യുന്നതെന്ന് മനസ്സിലാക്കിയ സമിതി അതോറിറ്റിക്ക് ലഭിക്കേണ്ട മുഴുവൻ തുകയും അനുവദിച്ച് നൽകാത്തത് നീതികരിക്കാവുന്നതല്ല എന്ന് അഭിപ്രായപ്പെടുന്നു. ആയതിനാൽ വിവിധ ഇനങ്ങളിലായി കേരള റോഡ് സുരക്ഷാ അതോറിറ്റി പിരിച്ചെടുത്ത് ഖജനാവിൽ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടയ്ക്കുന്ന തുക പൂർണ്ണമായും റീ അപ്രോപ്രിയേഷൻ മുഖേന അതോറിറ്റിക്ക് മടക്കി നൽകുവാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

20. റോഡ് സുരക്ഷാ അതോറിറ്റി ആക്ടിലെ 24(2) വകുപ്പുപ്രകാരം വാർഷിക റിപ്പോർട്ട് സഭയിൽ സമർപ്പിച്ചിട്ടുണ്ടോയെന്നും ഏതു കാലയളവുവരെയുള്ള റിപ്പോർട്ടാണ് സഭയിൽ സമർപ്പിച്ചിട്ടുള്ളതെന്നും സമിതി ആരായുകയുണ്ടായി. 2009-10 വരെയുള്ള കാലയളവിലെ വാർഷിക റിപ്പോർട്ട് അതോറിറ്റി അംഗീക

രിച്ച് സർക്കാരിലേക്ക് അയച്ചിട്ടുള്ളത് വ്യക്തമായ മാനദണ്ഡമനുസരിച്ചല്ല എന്നു കാണിച്ച് തിരികെ വന്നിരിക്കുകയാണെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സമിതിയെ അറിയിക്കുകയുണ്ടായി. ഇതുവരെയുള്ള വാർഷിക റിപ്പോർട്ടുകൾ ഒന്നുംതന്നെ സഭയിൽ സമർപ്പിച്ചിട്ടില്ലെന്ന കാര്യം സമിതിക്ക് ബോദ്ധ്യപ്പെടുകയുണ്ടായി. ആയതിനാൽ റോഡ് സുരക്ഷാ അതോറിറ്റി ആക്ടിലെ 24-ാം വകുപ്പു പ്രകാരം വാർഷിക റിപ്പോർട്ടിന്റെ മാതൃക ചട്ടത്തിൽ ഉൾപ്പെടുത്തി ചട്ടം ഭേദഗതി ചെയ്യണമെന്നും ആക്ടിലെ 24(2) വകുപ്പു പ്രകാരം 2012-13 വരെയുള്ള വാർഷിക റിപ്പോർട്ട് തയ്യാറാക്കി സഭ മുമ്പാകെ സമർപ്പിക്കണമെന്നും പ്രസ്തുത റിപ്പോർട്ട് പഠനവിധേയമാക്കാൻ സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

21. റോഡ് സുരക്ഷാ അതോറിറ്റിയുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് തടസ്സമായി നിൽക്കുന്നത് വ്യക്തമായ വ്യവസ്ഥകളുടെ അഭാവമാണെന്ന് സമിതിക്ക് ബോദ്ധ്യമുണ്ട്. ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ കൃത്യമായ കാലയളവുകളിൽ യോഗം ചേരാത്തത് ജില്ലകൾ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കാത്തതിനുള്ള കാരണമായി സമിതി വിലയിരുത്തുന്നു. റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് നിരവധി പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെങ്കിലും ഒരു കാര്യവും ക്രമപ്രകാരമല്ല നടക്കുന്നതെന്നും ഫണ്ട് അനുവദിക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ വ്യക്തമല്ലെന്നും സമിതി വിലയിരുത്തുന്നു. ആക്ഷൻ പ്ലാനിന്റെ അടിസ്ഥാനത്തിലല്ലാതെ അഡ്ഹോക്കായി തുക ചെലവഴിക്കുന്നത് ഫണ്ട് ദുർവിനിയോഗത്തിലേക്ക് നയിക്കുന്നതായി കണ്ടെത്തിയ സമിതി അതോറിറ്റിക്ക് ലഭിക്കേണ്ട മുഴുവൻ തുകയും അനുവദിച്ച് നൽകാത്തത് നീതീകരിക്കാനാവില്ലെന്നും അഭിപ്രായപ്പെടുന്നു.

22. റോഡ് സുരക്ഷാ അതോറിറ്റി ആക്ടിലെ വ്യവസ്ഥകൾക്കെല്ലാം അനുസൃതമായി സമഗ്രമായ ചട്ടങ്ങൾ തയ്യാറാക്കണമെന്നും, ഒരു നിശ്ചിത കാലയളവിനുള്ളിൽ അവ വിജ്ഞാപനം ചെയ്യണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

**എസ്.ആർ.ഒ. 355/2007 തീയതി 19-4-2007**
**(ജി.ഒ.(പി)നമ്പർ 20/2007/ഗതാ. തീയതി 19-4-2007)**

**എസ്.ആർ.ഒ. 642/2009 തീയതി 24-7-2009**
**(ജി.ഒ.(പി)നമ്പർ 43/2009/ഗതാ. തീയതി 18-7-2009)**

23. 2007-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്ടിലെ 3(1)-ാം വകുപ്പ് പ്രകാരം നിക്ഷിപ്തമാക്കപ്പെട്ട അധികാരം വിനിയോഗിച്ചുകൊണ്ട് കേരള റോഡ് സുരക്ഷാ അതോറിറ്റി രൂപീകരിക്കുന്നതിനുവേണ്ടി പുറപ്പെടുവിച്ചുള്ളതാണ് 355/2007-ാം നമ്പർ എസ്.ആർ.ഒ. 2007-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്ടിലെ 3(1)-ാം വകുപ്പിനോട് പ്രസ്തുത വകുപ്പിലെ 3-ാം ഉപവകുപ്പിലെ (റ്റി) ഇനം കൂട്ടിവായിച്ച പ്രകാരം നിക്ഷിപ്തമാക്കപ്പെട്ട അധികാരം വിനിയോഗിച്ചു കൊണ്ട് കേരള റോഡ് സുരക്ഷാ അതോറിറ്റിയിലെ അംഗമായി ഡോ. അജിത് തോമസിനെ നാമനിർദ്ദേശം ചെയ്തുകൊണ്ടുള്ളതാണ് 642/2009-ാം നമ്പർ എസ്. ആർ.ഒ.

24. 355/2007-ാം നമ്പർ എസ്.ആർ.ഒ. പ്രകാരം റോഡ് സുരക്ഷാ രംഗത്ത് വിദ്ഗദ്ധരായ, അതോറിറ്റിയിലേക്ക് നാമനിർദ്ദേശം ചെയ്യേണ്ട മൂന്നു അംഗങ്ങ ളുടെ സ്ഥാനത്ത് ഒരാളെയും 642/2009-ാം നമ്പർ എസ്.ആർ.ഒ. പ്രകാരം സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങളിൽ ഒരാളെക്കൂടിയും ഉൾപ്പെടുത്തിയിരിക്കു ന്നു.

25. <u>പ്രസ്തുത എസ്.ആർ.ഒ.-കൾ പ്രകാരം കേരള റോഡ് സുരക്ഷാ അതോറിറ്റിയിൽ മൂന്ന് അംഗങ്ങളെ നാമനിർദ്ദേശം ചെയ്യേണ്ട സ്ഥാനത്ത് രണ്ട് അംഗങ്ങളെ മാത്രമേ നാമനിർദ്ദേശം ചെയ്തിട്ടുള്ളൂ എന്ന് കണ്ടെത്തിയ സമിതി കേരള റോഡ് സുരക്ഷാ അതോറിറ്റി പുന:സംഘടിപ്പിക്കുമ്പോൾ അതിൽ ആക്ടിലെ 3(1)-ാം വകുപ്പ് പ്രകാരം റോഡ് സുരക്ഷാ മേഖലയിൽ വൈദഗ്ദ്ധ്യ മുള്ള മൂന്നുപേരെ അംഗങ്ങളായി ഉൾപ്പെടുത്തണമെന്നും, പ്രസ്തുത വ്യക്തികൾ റോഡ് സുരക്ഷാ രംഗത്ത് പ്രവർത്തിച്ച് വൈദഗ്ദ്ധ്യമുള്ളവരായിരിക്കണമെന്ന് ഉറപ്പുവരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.</u>

**എസ്.ആർ.ഒ. നമ്പർ 156/09 തീയതി 20-2-2009**
**സ.ഉ.(പി)നം.15/09/ഗതാ. തീയതി 31-1-2009**

**എസ്.ആർ.ഒ. നമ്പർ 157/09 തീയതി 20-2-2009**
**സ.ഉ.(പി)നം.07/09/ഗതാ. തീയതി 31-1-2009**

**എസ്.ആർ.ഒ. നമ്പർ 158/09 തീയതി 20-2-2009**
**സ.ഉ.(പി)നം.08/09/ഗതാ. തീയതി 31-1-2009**

**എസ്.ആർ.ഒ. നമ്പർ 159/09 തീയതി 20-2-2009**
**സ.ഉ.(പി)നം.09/09/ഗതാ. തീയതി 31-1-2009**

**എസ്.ആർ.ഒ. നമ്പർ 160/09 തീയതി 20-2-2009**
**സ.ഉ.(പി)നം.10/09/ഗതാ. തീയതി 31-1-2009**

**എസ്.ആർ.ഒ. നമ്പർ 161/09 തീയതി 20-2-2009**
**സ.ഉ.(പി)നം.11/09/ഗതാ. തീയതി 31-1-2009**

**എസ്.ആർ.ഒ. നമ്പർ 162/09 തീയതി 20-2-2009**
**സ.ഉ.(പി)നം.12/09/ഗതാ. തീയതി 31-1-2009**

**എസ്.ആർ.ഒ. നമ്പർ 163/09 തീയതി 20-2-2009**
**സ.ഉ.(പി)നം.13/09/ഗതാ. തീയതി 31-1-2009**

**എസ്.ആർ.ഒ. നമ്പർ 164/09 തീയതി 20-2-2009**
**സ.ഉ.(പി)നം.14/09/ഗതാ. തീയതി 31-1-2009**

**എസ്.ആർ.ഒ. നമ്പർ 165/09 തീയതി 20-2-2009**
**സ.ഉ.(പി)നം.15/09/ഗതാ. തീയതി 31-1-2009**

**എസ്.ആർ.ഒ. നമ്പർ 166/09 തീയതി 20-2-2009**
**സ.ഉ.(പി)നം.16/09/ഗതാ. തീയതി 31-1-2009**

**എസ്.ആർ.ഒ. നമ്പർ 167/09 തീയതി 20-2-2009**
**സ.ഉ.(പി)നം.17/09/ഗതാ. തീയതി 31-1-2009**

**എസ്.ആർ.ഒ. നമ്പർ 168/09 തീയതി 20-2-2009**
**സ.ഉ.(പി)നം.18/09/ഗതാ. തീയതി 31-1-2009**

**എസ്.ആർ.ഒ. നമ്പർ 169/09 തീയതി 20-2-2009**
**സ.ഉ.(പി)നം.19/09/ഗതാ. തീയതി 31-1-2009**

26. കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്ടിലെ 19(2) വകുപ്പു പ്രകാരം 'ജില്ലാ ആസ്ഥാനത്ത് അധികാരിതയുള്ള റീജിയണൽ ട്രാൻസ്പോർട്ട് ആഫീസർ' ജില്ലാ റോഡ് സേഫ്റ്റി കൗൺസിലിന്റെ എക്സ്-ഒഫീഷ്യോ മെമ്പർ സെക്രട്ടറി ആയിരിക്കേണ്ടതാണ്. മുകളിൽ സൂചിപ്പിച്ചിരിക്കുന്ന എസ്.ആർ.ഒ.-കളിൽ 'ജില്ലാ ആസ്ഥാനത്ത് അധികാരിതയുള്ള' എന്നത് 'ജില്ലാ ആസ്ഥാനത്തിന്റെ അധികാര പരിധിയിലുള്ള' എന്ന് മാറ്റിയിരിക്കുന്നതായി കണ്ടെത്തിയ സമിതി ഇതേക്കുറിച്ച് ആരാഞ്ഞതിന് റൂളിന്റെ ഇംഗ്ലീഷ് വെർഷനിൽ 'Regional Transport

Officer having jurisdiction over the Head Quarters of the District' എന്നാണെന്നും ഡിസ്ട്രിക്റ്റിന്റെ ഹെഡ്ക്വാർട്ടേഴ്സിൽ അധികാരിതയുള്ള ഓഫീസർ എന്നാണ് ഉദ്ദേശിച്ചിരിക്കുന്നതെന്നും അതല്ലാതെ ജില്ല മുഴുവനുമല്ലെന്നും ജില്ല മുഴുവനുമാകുമ്പോൾ ഒന്നിൽ കൂടുതൽ ആർ.റ്റി.ഒ. മാരുണ്ടെന്നും ജില്ലാ ആസ്ഥാനത്തിന്റെ എന്നാകുമ്പോൾ ഒരാൾ മാത്രമേ വരുകയുള്ളൂ എന്നതിനാലാണ് അങ്ങനെ മാറ്റിയെഴുതിയതെന്നും നിയമ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി മറുപടി നൽകി.

27. മൂലനിയമവും ചട്ടങ്ങളും മലയാളത്തിൽതന്നെയാണ് പുറപ്പെടുവിച്ചിരിക്കുന്നതെന്ന് മനസ്സിലാക്കിയ സമിതി ആക്ടിൽനിന്നും വ്യത്യസ്തമായി റൂളിൽ വാക്കുകൾ ഉപയോഗിക്കുന്നത് ഒരു നല്ല കീഴ്‌വഴക്കമല്ല എന്ന് നിരീക്ഷിക്കുകയുണ്ടായി. ആയതിനാൽ ആക്ടിൽ നിഷ്ക്കർഷിച്ചിരിക്കുന്ന അതേ വാക്കുകളും പ്രയോഗങ്ങളും തന്നെ ആയിരിക്കണം ചട്ടങ്ങളിൽ വരേണ്ടതെന്നും സമിതി ശുപാർശ ചെയ്യുന്നു. എസ്.ആർ.ഒ.-കളുടെ സൂക്ഷ്മ പരിശോധനയ്ക്കായി ഫയൽ നിയമ വകുപ്പിലേക്ക് കൈമാറുമ്പോൾ ഇക്കാര്യങ്ങളിൽ പ്രത്യേക ശ്രദ്ധ ചെലുത്തണമെന്നും സമിതി അഭിപ്രായപ്പെടുന്നു.

## 2010-ലെ മൂന്നാർ പ്രത്യേക ട്രൈബ്യൂണൽ ആക്റ്റ്
## (2010-ലെ 13-ാം ആക്റ്റ്)

**എസ്. ആർ.ഒ. നമ്പർ 315/2011, തീയതി 25.05.2011**
**[ജി.ഒ. (എം.എസ്) നമ്പർ 108/2011/ആഭ്യന്തരം തീയതി 20.5.2011]**

28. മൂന്നാർ മേഖലയിലെ ഭൂമിയുമായി ബന്ധപ്പെട്ട തർക്കങ്ങൾ സംബന്ധിച്ച കേസുകൾ തീർപ്പുകൽപ്പിക്കുന്നതിനായി ഉണ്ടാക്കിയിട്ടുള്ള മൂന്നാർ പ്രത്യേക ട്രൈബ്യൂണൽ ആകറ്റ്, 2010-ൻ കീഴിൽ പുറപ്പെടുവിച്ചിട്ടുള്ള എസ്.ആർ.ഒ. നം. 881/2010, 882/2010, 315/2011 എന്നിവ സമിതി സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി. എസ്.ആർ.ഒ. 881/2010 മുഖേന ആക്റ്റിലെ 3(1) വകുപ്പ് പ്രകാരം മൂന്നാർ പ്രത്യേക ട്രൈബ്യൂണൽ രൂപീകരിക്കുകയും എസ്.ആർ.ഒ. 882/2010 മുഖേന

ആക്റ്റിലെ 3(2), 3(3) വകുപ്പുകൾ പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് ട്രൈബ്യൂണൽ ചെയർമാനെയും അംഗങ്ങളെയും സർക്കാർ നാമനിർദ്ദേശം ചെയ്യുകയുമുണ്ടായി. ആക്റ്റിലെ 3(4) വകുപ്പു പ്രകാരം ട്രൈബ്യൂണൽ ചെയർമാനും മറ്റ് അംഗങ്ങൾക്കും നൽകേണ്ടതായ ശമ്പളവും, ബത്തകളും മറ്റ് സേവന ഉപാധികളും നിർണ്ണയിച്ചുകൊണ്ടുള്ള ചട്ടങ്ങളാണ് എസ്.ആർ.ഒ. 315/2011 മുഖേന വിജ്ഞാപനം ചെയ്തിട്ടുള്ളത്.

29. സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2011-14)യുടെ 21/11/2012 -ൽ ചേർന്ന സമിതിയോഗം ആക്റ്റിൻ കീഴിൽ പുറപ്പെടുവിച്ചിട്ടുള്ള എസ്.ആർ.ഒ. കൾ സംബന്ധിച്ച് നിയമം, ആഭ്യന്തരം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാരിൽ നിന്നും തെളിവെടുക്കുകയുണ്ടായി. എസ്.ആർ.ഒ. 315/2011 വിജ്ഞാപനം ചെയ്തത് 22/5/2011-ൽ ആണെന്ന് മനസ്സിലാക്കിയ സമിതി 3.9.2010-ൽ ട്രൈബ്യൂണൽ രൂപീകരിച്ചുവെന്നും, ട്രൈബ്യൂണൽ രൂപീകരണത്തിനുശേഷം 8 മാസങ്ങൾക്കുശേഷം മാത്രമാണ് ചെയർമാന്റെയും അംഗങ്ങളുടെയും ശമ്പളവും ബത്തകളും മറ്റ് സേവന വ്യവസ്ഥകളും സംബന്ധിച്ച് ചട്ടങ്ങൾ പുറപ്പെടുവിച്ചതെന്നും നിരീക്ഷിക്കുകയുണ്ടായി. മാത്രമല്ല, ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിലേക്കായി 11-ാം വകുപ്പ് പ്രകാരം ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടണമെന്ന് ആക്ടിൽ വിഭാവനം ചെയ്തിട്ടുള്ള കാര്യങ്ങൾക്കായി ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടില്ല എന്നും നിരീക്ഷിക്കുകയുണ്ടായി. <u>നിയമസഭ പാസ്സാക്കിയ നിയമപ്രകാരം രൂപീകൃതമായ ട്രൈബ്യൂണലിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിനായി ചട്ടങ്ങൾ ഉണ്ടാക്കേണ്ടത് അനിവാര്യമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.</u>

30. ആക്റ്റിലെ 3(7) വകുപ്പ് പ്രകാരം ഉദ്യോഗസ്ഥരുടെയും മറ്റ് ജീവനക്കാരുടെയും ശമ്പളവും ബത്തകളും സേവന വ്യവസ്ഥകളും നിർണ്ണയിച്ചു

കൊണ്ട് ചട്ടങ്ങൾ ഉണ്ടാക്കിയിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു.. ആക്റ്റിലെ 3(8) വകുപ്പു പ്രകാരം ട്രൈബ്യൂണലിന്റെ പ്രവർത്തനത്തിനുവേണ്ട ധനപരവും ഭരണപരവുമായ അധികാരങ്ങൾ ചെയർമാനാണോ വിനിയോഗിക്കുന്നതെന്നും അങ്ങനെ അല്ലാത്തപക്ഷം പ്രസ്തുത അധികാരങ്ങൾ ഏൽപ്പിച്ചുകൊടുക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ടോയെന്നും സമിതി ആരായുകയുണ്ടായി. നിലവിൽ ചട്ടങ്ങൾ ഉണ്ടാക്കിയിട്ടില്ലെന്നും ചട്ടങ്ങൾ ഉണ്ടാക്കേണ്ടത് സംബന്ധിച്ച പ്രൊപ്പോസൽ ചെയർമാനിൽ നിന്നും ലഭിച്ചിട്ടില്ല എന്നുമുള്ള ആഭ്യന്തര വകുപ്പ് ഉദ്യോഗസ്ഥരുടെ മറുപടിയോട് സമിതി വിയോജിക്കുന്നു. പ്രസ്തുത ചട്ടങ്ങൾ ഉണ്ടാക്കേണ്ടത് ആഭ്യന്തര വകുപ്പിന്റെ തന്നെ ചുമതലയാണെന്ന് സമിതിക്ക് അഭിപ്രായമുണ്ട്. <u>ആയതിനാൽ, ആക്റ്റിലെ 3(7), 3(8) എന്നീ വകുപ്പുകൾക്ക് ചട്ടങ്ങൾ തയ്യാറാക്കി അവ വിജ്ഞാപനം ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.</u>

31. മൂന്നാർ പ്രത്യേക ട്രൈബ്യൂണലിന്റെ പ്രവർത്തനം അതിന്റെ രൂപീകരണം കൊണ്ടുമാത്രം നടക്കില്ലെന്നും അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ സാക്ഷാത്ക്കരിക്കാൻ കാര്യക്ഷമമായ രീതിയിൽ പ്രവർത്തനം നടക്കുന്നുണ്ടോയെന്ന് വിലയിരുത്തേണ്ടതുണ്ടെന്നും സമിതി അഭിപ്രായപ്പെടുകയുണ്ടായി. ആക്ടിലെ 4-ാം വകുപ്പ് പ്രകാരം മൂന്നാർ പ്രദേശത്തെ സംബന്ധിച്ച എല്ലാ തർക്കങ്ങളും ഇതിനോടകം ട്രൈബ്യൂണലിലേക്ക് കൈമാറിയിട്ടുണ്ടോയെന്നും ആക്ടിലെ 5 (1) വകുപ്പ് പ്രകാരം ഹൈക്കോടതിയുടെ മുമ്പാകെ നിലവിലുണ്ടായിരുന്ന എത്ര വ്യവഹാരങ്ങൾ അന്തിമ വിധിക്കായി ട്രൈബ്യൂണലിലേക്ക് റഫർ ചെയ്തിട്ടുണ്ടെന്നും സമിതി ആരായുകയുണ്ടായി. ട്രൈബ്യൂണൽ രൂപീകരിച്ചതിനുശേഷം ബഹു. ഹൈക്കോടതിയിൽ നിന്നും 3 കേസ്സുകളും മറ്റ് കീഴ്ക്കോടതികളിൽ നിന്നായി 131 കേസ്സുകളും ലാന്റ് റവന്യു കമ്മീഷണർ, ആർ.ഡി.ഒ. ദേവികുളം എന്നിവിടങ്ങളിൽ നിന്നായി 2 കേസ്സുകൾ വീതവും ഉൾപ്പെടെ ആകെ 138 കേസ്സുകൾ കൈമാറ്റം

ചെയ്തിട്ടുണ്ടെന്ന് ആഭ്യന്തര വകുപ്പ് സമിതിയെ അറിയിക്കുകയുണ്ടായി. മൂന്നാർ പ്രദേശത്തെ ഭൂമിയുമായി ബന്ധപ്പെട്ട 85 തർക്കങ്ങൾ തീർപ്പുകൽപ്പിക്കാനായി ട്രൈബ്യൂണലിന്റെ മുൻപാകെയുണ്ടെന്നും അതിൽ 27 എണ്ണത്തിന് സർവ്വേ കമ്മീഷൻ റിപ്പോർട്ട് ലഭിക്കുവാനുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. 23/11/2012 വരെ 53 വ്യവഹാരങ്ങളിൽ തീർപ്പുകൽപ്പിച്ചിട്ടുണ്ടെന്ന് മനസ്സിലാക്കിയ സമിതി റവന്യു വകുപ്പിന്റെ കൈവശമുള്ള കേസ്സുകൾ ട്രൈബ്യൂണലിലേക്ക് കൈമാറ്റം ചെയ്യുന്നതിനുവേണ്ടി ഇടുക്കി ജില്ലാ കളക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടെങ്കിലും അത്തരം കേസ്സുകൾ ഒന്നും തന്നെ 3/12/2012 വരെ ട്രൈബ്രൂണലിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടിട്ടില്ല എന്ന ആഭ്യന്തര വകുപ്പിന്റെ മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തുകയും അവ ട്രൈബ്യൂണലിലേക്ക് കൈമാറ്റം ചെയ്യേണ്ടത് റവന്യു വകുപ്പിന്റെ ബാധ്യതയാണെന്ന് അഭിപ്രായപ്പെടുകയുമുണ്ടായി. <u>പ്രസ്തുത കേസ്സുകൾ എത്രയുംവേഗം ട്രൈബ്യൂണലിലേക്ക് കൈമാറ്റം ചെയ്ത് സമിതിയെ അറിയിക്കണമെന്ന് റവന്യു വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു.</u>

32. ആക്ടിലെ 9(2) വകുപ്പ് പ്രകാരം ട്രൈബ്യൂണലിന്റെ തീരുമാനത്തിനെതിരെ ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിക്കുന്നതിനുള്ള ഫാറം, ഫീസ് എന്നിവ നിർണ്ണയിച്ചിട്ടില്ല എന്ന് സമിതി കണ്ടെത്തുകയും ആയതിന്റെ കാരണമാരായുകയുമുണ്ടായി. ട്രൈബ്യൂണൽ ഇതുവരെ കേസ്സുകളൊന്നും തീർപ്പാക്കിയിട്ടില്ലാത്തതിനാൽ അപ്പീൽ സമർപ്പിക്കേണ്ട ആവശ്യമുണ്ടായിട്ടില്ല എന്ന ആഭ്യന്തര വകുപ്പുദ്യോഗസ്ഥരുടെ മറുപടിയോട് സമിതി വിയോജിക്കുകയുണ്ടായി. 53 വ്യവഹാരങ്ങളിൽ ഇതിനോടകം തീർപ്പ് കൽപ്പിച്ചിട്ടുണ്ടെന്ന് മനസ്സിലാക്കിയ സമിതി മറ്റ് കോടതികളിലെ നടപടിക്രമങ്ങൾ പോലുള്ള ദൈർഘ്യമേറിയ നടപടിക്രമങ്ങൾ ട്രൈബ്യൂണലിൻ കീഴിലുള്ള കേസ്സുകൾ തീർപ്പാക്കുന്നതിന് ഉണ്ടാകാൻ സാധ്യതയില്ല എന്ന് അഭിപ്രായപ്പെടുകയുണ്ടായി. ആയതിനാൽ <u>ആക്റ്റിലെ വകുപ്പ് 9(2)</u>

<u>പ്രകാരം അപ്പീൽ സമർപ്പിക്കുന്നതിനുള്ള ഫാറം, ഫീസ് എന്നിവ എത്രയുംവേഗം നിർണ്ണയിച്ച് സമയബന്ധിതമായി ചട്ടങ്ങൾ പുറപ്പെടുവിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.</u>

33. മൂന്നാർ പ്രത്യേക ട്രൈബ്യൂണലിന്റെ പ്രവർത്തനം നല്ല രീതിയിൽ മുന്നോട്ട് കൊണ്ടുപോകുന്നതിന് ആഭ്യന്തരം, റവന്യു എന്നീ വകുപ്പുകളുടെ ഇക്കാര്യത്തിലുള്ള ഏകോപനം ആവശ്യമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.

തിരുവനന്തപുരം,<br>2013 ഏപ്രിൽ

എം. ഉമ്മർ,<br>ചെയർമാൻ,<br>സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.

**അനുബന്ധം - 1**

1. **(2007-ലെ കേരള ആയുർവേദ ആരോഗ്യകേന്ദ്രങ്ങൾ (അംഗീകാരപത്രം നൽകലും നിയന്ത്രിക്കലും) ആക്റ്റ് (2007-ലെ 28-ാം ആക്റ്റ്)**
   1106/2008
2. **2007-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്ട് (2007 -ലെ 8-ാം ആക്ട് )**
   355/2007, 1082/2007, 157/2009, 158/2009, 159/2009,160/2009, 161/2009, 162/2009, 163/2009,164/2009, 165/2009, 166/2009, 167/2009, 168/2009, 169/2009, 642/2009
3. **2010-ലെ മൂന്നാർ പ്രത്യേക ട്രൈബ്യൂണൽ ആക്റ്റ് (2010-ലെ 13-ാം ആക്റ്റ്)**
   881/2010, 882/2010, 315/2011